നം.ഐ.ഇ.ഡി./50394/10/ഡി.പി.ഐ.

വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി - 25-6-2011

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

ബന്ധപ്പെട്ട ഡി.ഇ.ഒ./എ.ഇ.ഒ./ഡയറ്റ്/RDD(HSE)/AD(VHSE)

സർ,

വിഷയം- ഐ.ഇ.ഡി./ഐ.ഇ.ഡി.എസ്.എസ് പദ്ധതികൾക്കായി വർഷങ്ങളായി അനുവദിച്ചതിൽ മിച്ചം വന്ന തുക - ഉപയോഗിക്കുന്നത് - സംബന്ധിച്ച്

സൂചന - ഇല്ല

വിവിധ വർഷങ്ങളിൽ IED/IEDSS പദ്ധതിയിൻ കീഴിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും അനുവദിച്ച തുകകളിൽ ബാക്കിയിരിപ്പുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാക്കി വന്ന ഈ തുക ഉപയോഗിക്കപ്പെടുന്ന കാര്യത്തിൽ അടിയന്തിരമായി തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ബന്ധപ്പെട്ട ആഫീസർമാർ എല്ലാവരും അവരവരുടെ ഓഫീസിലോ, ഓഫീസിന്റെ പരിധിയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ ഐ.ഇ.ഡി പദ്ധതിയുമായി ബന്ധപ്പെട്ട തുക മിച്ചമുണ്ടെങ്കിൽ ആയതിന്റെ വിവരം ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ iedcellkerala@gmail.com എന്ന വിലാസത്തിൽ അറിയിക്കേണ്ടതാണ്. കൂടാതെ ഹാർഡ് കോപ്പിയും അയയ്ക്കേണ്ടതാണ്. ഫണ്ട് ബാക്കിയിരിപ്പുണ്ടെങ്കിലും, ഇല്ലെങ്കിലും ആ വിവരം നിർദ്ദിഷ്ഠ പ്രൊഫോർമയിൽ അറിയിക്കേണ്ടതാണ്. 31-3-2011 വരെ ബാക്കിയിരിപ്പുള്ള തുക പ്രൊഫോർമയിൽ ഉൾപ്പെടുത്താവുന്നതാണ്. പൂരിപ്പിച്ച പ്രൊഫോർമ ലഭിച്ചശേഷം തുക ഉപയോഗിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകുന്നതാണ്.

വിശ്വസ്തതയോടെ,

ഒപ്പ്
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.
(ഡെപ്യൂട്ടി ഡയറക്ടർ ഐ.ഇ.ഡി)

<u>IED/IEDSS  പദ്ധതികളിൻ കീഴിൽ ബാക്കി വന്ന തുക ഉപയോഗിക്കുന്നത് സംബന്ധിച്ച്</u>

റവന്യൂ ജില്ല -

ഓഫീസിന്റെ മേൽവിലാസം -

ഫോൺ നമ്പർ -

ഇ-മെയിൽ ഐ.ഡി. -

I. IED/IEDSS പദ്ധതികളിൻ കീഴിൽ വിവിധ ഇനങ്ങൾക്കായി 31-3-2011 വരെ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും അനുവദിച്ച തുകകളിൽ നീക്കിയിരിപ്പ് ഉണ്ടോ?

ഉണ്ടെങ്കിൽ അവ പട്ടികയായി നൽകുക.

| വർഷം | അനുവദിച്ച തുക | വിനിയോഗിച്ച ആകെ തുക | ആകെ നീക്കിയിരിപ്പ് |
|---|---|---|---|
| | | | |
| ആകെ | | | |

II. സാമ്പത്തിക സഹായം

a) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾക്ക്2009-10 വർഷത്തെ ഐഇഡി സ്കോളർഷിപ്പ് ഇനത്തിൽ 1100/- രൂപ ക്രമത്തിൽ സാമ്പത്തിക സഹായം നൽകുന്നതിന് ഇനിയും തുക ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ കുട്ടികളുടെ എണ്ണവും ആവശ്യമായ തുകയും അറിയിക്കുക.

| കുട്ടികളുടെ എണ്ണം | @ Rs.1100/- (ആവശ്യമായ തുക) |
|---|---|
| | |
| ആകെ | |

b) 2010-11 വർഷം ഐ.ഇ.ഡി. സ്കോളർഷിപ്പ് ഇനത്തിൽ ഇനിയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾക്ക് തുക ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ കുട്ടികളുടെ എണ്ണവും, ആവശ്യമായ തുകയുടേയും പട്ടിക (ബ്രേക്കപ്പ് സഹിതം) നൽകുക.

| ഇനം | കുട്ടികളുടെ എണ്ണം | ആകെ തുക |
|---|---|---|
| Book & Stationery @ 400/- | | |
| Transport @ 500/- | | |
| Uniform @ Rs.200/- | | |
| Escort @ 750/- | | |
| Readers Allowance @ 500/- | | |
| Total | | |

c) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ ഒഴികെയുള്ള ആഫീസുകൾക്ക് 2010-11വർഷം സ്കോളർഷിപ്പ് ഇനത്തിൽ തുക ഇനിയും ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ തുകയും കുട്ടികളുടെ എണ്ണവും നൽകുക.

| കുട്ടികളുടെ എണ്ണം | (ആവശ്യമായ തുക) |
|---|---|
| | |
| ആകെ | |

d) 2010-11 വർഷങ്ങളിൽ ഡയറ്റുകൾക്ക് റിസോഴ്സ് അദ്ധ്യാപകരുടെ സാലറി/അരിയർ ഇനത്തിൽ തുക ആവശ്യമുണ്ടോ? എങ്കിൽ ആവശ്യമായ തുക

III. വാസ്തുശില്പപരമായ തടസ്സങ്ങൾ നീക്കുന്നതിന് (ramp & rail, Adaptive toilet) ഏതെങ്കിലും വിദ്യാലയങ്ങൾക്ക് (ഗവൺമെന്റ്/എയ്ഡഡ് - ഹയർ സെക്കണ്ടറി ഉൾപ്പെടെ) തുക ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ അവയുടെ പട്ടിക പ്രത്യേകം സമർപ്പിക്കുക.

IV. നിലവിലുള്ള കോൺക്രീറ്റ് കെട്ടിടത്തിൽ ഒരു മുറി IED റിസോഴ്സ്റൂമായി സജ്ജീകരിക്കുന്നതിന് ഏതെങ്കിലും സ്കൂളുകൾക്ക് (ഗവ./എയ്ഡഡ്-ഹയർ സെക്കണ്ടറി ഉൾപ്പെടെ) തുക ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ അവയുടെ പട്ടിക പ്രത്യേകം സമർപ്പിക്കുക.

സ്ഥലം -

തീയതി - ഓഫീസ് സീൽ ഒപ്പ്

ഓഫീസ് മേലധികാരിയുടെ പേരും വിലാസവും